ജന്മദിനം കൊണ്ടാടിയ അവസരത്തിൽ ഗവൺമെന്റിനുവേണ്ടി മന്ത്രി ശ്രീ. കെ. ബാബു ഈ സ്ഥലം അദ്ദേഹത്തിന് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ ഇവിടെ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് നിശ്ചയമായും പരിശോധിക്കും. അവിടെ അദ്ദേഹത്തിന് ഏത് വിധത്തിലുള്ള സ്മാരകം നിർമ്മിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് എല്ലാവശങ്ങളുമായി ആലോചിച്ച് തീരുമാനമുണ്ടാക്കുന്നതാണ്.

3. ആദിവാസി നില്പുസമരം

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ അഞ്ചുമാസക്കാലമായി കേരളത്തിന്റെ മനഃസാക്ഷിയെ നൊമ്പരപ്പെടുത്തുന്ന തരത്തിലാണ് സെക്രട്ടേറിയറ്റ് പടിക്കൽ ആദിവാസികളുടെ നില്പുസമരം നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് അതിനെ സംബന്ധിച്ച് 24-9-2014-ൽ കോൺഫറൻസ് വിളിച്ചു. അതിന്റെ തീരുമാനങ്ങൾ എന്താണെന്ന് വ്യക്തമല്ല. ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി കേന്ദ്രം 19600 ഏക്കർ ഭൂമി അനുവദിച്ചതാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ കാലത്ത് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളിൽ സാക്ഷികളായ മൂന്ന് മന്ത്രിമാർ ഈ മന്ത്രിസഭയിലുണ്ട്. അതിനുശേഷം 2002-ൽ ആകെ 677 കുടുംബങ്ങൾക്ക് മാത്രമാണ് ഭൂമി നൽകിയത്. അതോടുകൂടി അത് അവസാനിപ്പിച്ചു. അന്നൊരു കമ്മീഷൻ രൂപീകരിക്കണമെന്ന് പറഞ്ഞു, കമ്മീഷൻ രൂപീകരിച്ചു. എന്നാൽ കമ്മീഷൻ പ്രവർത്തനക്ഷമമല്ല. ഇവർക്കാവശ്യമായ ഭൂമി കൊടുക്കണമെന്ന് 3-4-2010-ൽ സുപ്രീം കോടതിയുടെ വിധിയുണ്ട്, 2004-ൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവുണ്ട്, 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ തീരുമാനമുണ്ട്. വസ്തുതകളല്ല, എല്ലാ രേഖകളും അങ്ങയുടെ മേശപ്പുറത്തുണ്ട്. തികച്ചും ഭൂമിക്കുവേണ്ടി; കുടിവെള്ളത്തിനുവേണ്ടി ആദിവാസികൾ നടത്തുന്ന ഈ സമരത്തിൽ പ്രതികരിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ആ സമരം അവസാനിപ്പിക്കാൻ ഗവൺമെന്റ് അടിയന്തരമായി തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം സി. ദിവാകരൻ ഇവിടെപ്പറഞ്ഞ ഈ പ്രശ്നം വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. ഇവരുടെ സമരത്തെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്നുവെന്നു പറയുന്നത് ശരിയല്ല. ഞാൻ തന്നെ നേരിട്ട് നാലുപ്രാവശ്യം ഇതുസംബന്ധിച്ച് യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഏറ്റവും ടെവിലത്തെ യോഗം ഇന്നലെ വൈകുന്നേരമാണ് ചേർന്നത്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, പട്ടികജാതി

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി, ഞങ്ങൾ നാലുപേരും ചേർന്നാണ് ഇന്നലെ ഏറ്റവുമൊടുവിൽ അവരോട് സംസാരിച്ചത്. അവരുടെ ആവശ്യങ്ങൾ ന്യായമാണെന്നു തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. ഭൂമിയുടെ കാര്യം അവർ ഉന്നയിക്കുന്നു, അതുപോലെ ആദിവാസി ഗ്രാമസഭാ നിയമം എന്നുള്ള ആവശ്യം ഗവൺമെന്റ് അംഗീകരിക്കുന്നു. അവരുടെ മറ്റു ജീവിത സൗകര്യങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെപ്പറഞ്ഞ 19000-ത്തോളം ഏക്കർ ഭൂമിയുടെ പ്രശ്നവും ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഗവൺമെന്റ് നടപടികൾ എടുക്കുന്നത്. അവർ പറഞ്ഞ ആവശ്യങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ, സമരം തീരുന്നില്ല. ആവശ്യങ്ങൾ ചർച്ച ചെയ്യും, ഗവൺമെന്റ് അംഗീകരിക്കും, അതിനെ അവർ സ്വാഗതം ചെയ്യും. പക്ഷേ, അത് നടപ്പിലാക്കിക്കഴിഞ്ഞാൽ മാത്രമേ സമരം അവസാനിപ്പിക്കൂ എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട സി. ദിവാകരനറിയാം, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. അവിടെ ഫോറസ്റ്റിന്റെ പ്രശ്നങ്ങൾ വരും, വനാവകാശ നിയമത്തിന്റെ പ്രശ്നങ്ങൾ വരും, അങ്ങനെ ഓരോരോ പ്രശ്നങ്ങൾ വരും. അവർക്ക് എന്ന് ഭൂമി കൊടുക്കാം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ വേണ്ടിയാണ് ഞങ്ങൾ ഇന്നലെ കോൺഫറൻസ് വിളിച്ചത്. വയനാട്ടിൽ 500 പേർക്കും അട്ടപ്പാടി ഉൾപ്പെടെ പാലക്കാട് ജില്ലയിൽ 1000 പേർക്കും ജനുവരി രണ്ടാമത്തെ ആഴ്ചയിൽ ഭൂമി കൊടുക്കാമെന്ന തീരുമാനമെടുത്തിട്ടാണ് യോഗം വിളിക്കുന്നത്. അവർ പറഞ്ഞ ആദിവാസി നിയമം ക്യാബിനറ്റ് പാസ്സാക്കി. പക്ഷേ, അവർ പറയുന്നതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം പറയുന്ന രാഷ്ട്രീയ പാർട്ടികളുടെ സംഘടനകളുണ്ട്. അവരുടെ അഭിപ്രായം കൂടി ഗവൺമെന്റിന് അറിയണം. ആ അഭിപ്രായം കൂടി കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഈ സമരത്തെ വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. അതിനകത്ത് അവർ പറയുന്ന ആവശ്യങ്ങൾ ന്യായമായതാണെന്ന് ഗവൺമെന്റ് കരുതുന്നു. അതുകൊണ്ടുതന്നെ അംഗീകരിച്ചു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ സമരം തീരാത്തത് ഈ ഒരു സാഹചര്യത്തിലാണ്. ഈ വകുപ്പുമായി ബന്ധപ്പെട്ട രണ്ട് മന്ത്രിമാർ തുടർചർച്ചകൾ നടത്തും, അതിനുശേഷം വീണ്ടും അവരുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാമെന്ന പ്രതീക്ഷയിലാണ് ഇന്നലെ വൈകിട്ട് യോഗം പിരിഞ്ഞത്. ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായ ഒരു സമീപനം സ്വീകരിച്ചേ മതിയാകൂ. കാരണം ഗവൺമെന്റിന്റെ പരിപാടികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി അവശരേതായ ഒരു ഇനിഷ്യേറ്റീവ് ഉണ്ടാകുന്നില്ല. നമ്മൾ അങ്ങോട്ടുകൊണ്ട് കൊടുക്കേണ്ടി വരും. ആ രീതിയിലുള്ള ഒരു സമീപനം അക്കാര്യത്തിൽ എടുത്തേ മതിയാകൂ. അട്ടപ്പാടി, വയനാട് തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിലും ഒറ്റപ്പെട്ടുകഴിയുന്ന കോളനികളിലും അങ്ങനെ ഒരു സമീപനമുണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

4. ട്രാവൻകൂർ റയോൺസിന്റെ ഭൂമിയിൽ പുതിയ സംരംഭങ്ങൾ

<u>ശ്രീ. സാജു പോൾ</u>: സർ, കേരളത്തിന്റെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഞാൻ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ച വിഷയമാണിത്. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പതിമൂന്നര വർഷമായി പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിലേറിയ ഉടനെ തന്നെ അടച്ചതാണ്. അന്ന് 1400 തൊഴിലാളികളുണ്ടായിരുന്നു. 1992-നുശേഷം പിരിഞ്ഞുപോയവരുൾപ്പെടെ 2060 പേർക്കായി ലഭിക്കാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. പലരും മരിച്ചു പോയി. നിരവധി പേർ ആത്മഹത്യ ചെയ്തു. പുനരുദ്ധാരണ പദ്ധതികളൊന്നും നടപ്പിലായില്ല. മുൻസർക്കാർ ഇത് ഏറ്റെടുക്കാനുള്ള ഓർഡിനൻസ് കൊണ്ടുവന്നെങ്കിലും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയില്ല. 5000 രൂപ വീതം 2009 മുതൽ കൊടുത്തിട്ടുണ്ട്. തൊഴിലാളികളുടെ ആനുകൂല്യങ്ങളും ബാങ്ക്-ധനകാര്യ സ്ഥാപനങ്ങളുടെ ബാധ്യതകളും കൊടുത്തുതീർത്താൽ 67 ഏക്കർ സ്ഥലം വ്യവസായ ആവശ്യത്തിനായി ലഭിക്കും. റയോൺസിന്റെ പ്രശ്നത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ നേതാക്കളും സർക്കാരിനൊപ്പമുണ്ടാകും. മുമ്പ് സർക്കാർ, തീരുമാനമെടുക്കേണ്ട അവസ്ഥയായിരുന്നുവെങ്കിൽ ഇന്ന് എടുത്ത തീരുമാനത്തിലെ ഉത്തരവ് നടപ്പാക്കിയാൽ മതിയാകും. റയോൺസിന്റെ ബാധ്യതകൾ കിൻഫ്രയുടെ ബഡ്ജറ്റ് ഉപയോഗിച്ച് തീർപ്പാക്കുന്നതിനും കമ്പനിയുടെ കൈവശമുള്ള ഭൂമിയും ആസ്തികളും വ്യവസായ പാർക്കിനായി കിൻഫ്രയ്ക്ക് കൈമാറുന്നതിനും തത്വത്തിൽ അംഗീകാരം നൽകി ജി.ഒ. (എംഎസ്.) നമ്പർ 42/2014/വ്യവ. നമ്പരായി 24-3-2014-ൽ ഉത്തരവിറങ്ങിയതാണ്. 14-ാം ലോകസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്നും ഉത്തരവിലുണ്ട്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറുമാസവും ഉത്തരവിറങ്ങി 8 മാസവും കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരു തീരുമാനം എത്രയും പെട്ടെന്നുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly